LIBRARY ARCHIVES Kerala Legislative Assembly

എല്ലാ സർക്കാർ വകുപ്പുകളിലും സ്പാർക്ക് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) സ്പാർക്ക് സംവിധാനത്തിലൂടെ പൊതു സ്ഥലംമാറ്റം നടത്തിവരുന്ന വകുപ്പുകൾ, നടപ്പിൽവരുത്താത്ത വകുപ്പുകൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സ്പാർക്കിൽ ലഭ്യമായിട്ടുള്ള 107 സർക്കാർ വകുപ്പുകളിൽ 2017 മുതൽ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്തിട്ടുള്ള ഓൺലൈൻ ട്രാൻസ്ഫർ സംവിധാനംവഴി പൊതു സ്ഥലംമാറ്റം നടത്തിയിട്ടുള്ള വകുപ്പുകളുടെ വർഷം അടിസ്ഥാനമാക്കിയുള്ള വിവരം അനുബന്ധം 1 ആയി ഇതോടൊപ്പം ചേർക്കുന്നു. *

(സി) സ്പാർക്ക് സംവിധാനത്തിലൂടെ പൊതു സ്ഥലംമാറ്റം നടത്താത്ത വകുപ്പുകളുടെ മേധാവികൾക്ക് പ്രസ്തുത സംവിധാനത്തിലൂടെ പൊതു സ്ഥലംമാറ്റം നടത്തുവാൻ നിർദ്ദേശം നൽകുമോ?

സ്പാർക്ക് (പി.എം.യു) വകുപ്പിൽനിന്ന് പൊതു സ്ഥലംമാറ്റം സംബന്ധിച്ച നിർദ്ദേശങ്ങളൊന്നുംതന്നെ നൽകാറില്ല.

പെട്രോൾ, ഡീസൽ വിലവർദ്ധനവ്

6 (5157) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ വിലവർദ്ധനവ് ഏതെല്ലാം രീതിയിൽ സമ്പദ്ഘടനയെ ബാധിക്കുന്നുവെന്ന് വിശദമാക്കാമോ?

വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉത്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയത് എല്ലാ അവശ്യസാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാദ്ധ്യതയേയും ദുർബലപ്പെടുത്തി. കോവിഡിന്റെകൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെട്രോൾ, ഡീസൽ വിലവർദ്ധനവ് ഭക്ഷ്യ വസ്തുക്കളുടെയും അസംസ്കൃത വസ്തുക്കളുടെയും വിലക്കയറ്റത്തിന് ഇടവരുത്തുകയും തൊഴിൽ നഷ്ടത്തിന് കാരണമാവുകയും ചെയ്യുമെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ഡീസലിന്റെയും പെട്രോളിന്റെയും പാചക വാതകത്തിന്റെയും നിരന്തര വിലവർദ്ധനവിന്റെ ഫലമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു നേരിടുന്നതിന് പൊതുവിപണിയിൽ വിലവർദ്ധനയും പൂഴ്ത്തിവയ്പും തടയുന്നതിനായി ജില്ലകളിൽ പൊതുവിതരണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവർ ഉൾപ്പെട്ട സ്ക്വാഡ് രൂപീകരിക്കുകയും പരിശോധനകൾ നടത്തി ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പെട്രോൾ, ഡീസൽ വിലവർദ്ധനവ് തൊഴിൽ നഷ്ടത്തിന് കാരണമാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടികൾ

7 (5158) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങൾ 1982-ലെ കേന്ദ്ര ചിട്ടി നിയമപ്രകാരമാണോ ചിട്ടികൾ നടത്തുന്നതെന്ന് പരിശോധിക്കാൻ നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

എല്ലാ ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സിന്റേയും (ജില്ലാ രജിസ്ട്രാർ) നേതൃത്വത്തിൽ പരിശോധനകൾ നടത്തുകയും എല്ലാ ജില്ലയിലും ചിട്ടി ഇൻസ്പെക്ടർമാർ കൃത്യമായ പരിശോധനകൾ നടത്തിവരുകയും ചെയ്യുന്നു.

(ബി) 2020-21 സാമ്പത്തിക വർഷത്തിൽ ചിട്ടി നടത്തുന്ന സ്ഥാപനങ്ങൾ കേരള സർക്കാരിലേയ്ക്ക് ഒടുക്കിയ കമ്മീഷൻ/ലാഭവിഹിതം എത്രയെന്നറിയിക്കാമോ?

കമ്മീഷനോ/ലാഭവിഹിതമോ സർക്കാരിന് ലഭിക്കുന്നില്ല. ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നതുവഴി ലഭിക്കുന്ന ഫീസും സ്റ്റാമ്പും ചിട്ടികളുടെ മിനിറ്റ്സുകളും ബാലൻസ് ഷീറ്റുകളും ഫയൽ ചെയ്യുമ്പോഴും കുറ്റങ്ങൾ കോമ്പൗണ്ട് ചെയ്യുമ്പോൾ ലഭിക്കുന്ന ഫൈനും സർക്കാരിന് ലഭിക്കുന്നു.

(സി) പ്രസ്തുത സ്ഥാപനങ്ങൾ ചിട്ടി രജിസ്റ്റർ ചെയ്യുന്നത് പരിശോധിക്കാൻ ധനകാര്യ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിൽ നടപടികൾ ഇല്ല.